DESPATCHED
Dt. 05/01/22

24/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1100(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*9493/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഉണ്ണി കെ.,
പാലംകുളങ്ങര വീട്,
മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,
ചെറുകാവ് പി.ഒ., പുളിക്കൽ,
മലപ്പുറം-673 637
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & മാനേജർ,
   ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം
2. അപ്പീൽ അധികാരി & ജനറൽ മാനേജർ,
   ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം-676505

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.05.2021, 19.05.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.08.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18.08.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.09.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 11.10.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 14.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഉണ്ണി കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിച്ച് ടിയാന്റെ അപേക്ഷ നിരസിച്ചുകൊണ്ടുള്ള മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരി തെറ്റായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ കമ്മീഷൻ ഉചിതമായ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 15.012021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, മലപ്പുറം ജില്ലയിൽ എത്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും, ഓരോ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും എത്ര ഷെഡ്ഡുകൾ ഉണ്ടെന്നും ആയത് തിരിച്ചറിയാൻ നൽകിയിട്ടുള്ള നമ്പരുകൾ നൽകണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള കെട്ടിട നമ്പരുകൾ നൽകണമെന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 05.03.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റിയെ സംബന്ധിച്ച വിവരങ്ങൾ ആണെന്നും സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം.9017/2013

RIGHT TO INFORMATION

ലെ വിധി പ്രകാരം സഹകരണ സംഘങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നും ആയതിനാൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുവാൻ സാധിക്കുകയില്ലെന്നുമാണ്. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, സഹകരണ സംഘങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും എതിർകക്ഷി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾ ടിയാന് നൽകാവുന്നതാണെന്നുമാണ്. കൂടാതെ ടിയാന്റെ അപേക്ഷയിലെ 1 മുതൽ 11 വരെയുള്ള ചോദ്യങ്ങ ൾക്ക് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സൗജന്യമായി വിവരം നൽകുന്നതിനും ക്രമനമ്പർ 12 പ്രകാരമുള്ള ആവശ്യത്തിന് നിലവിലെ സാഹചര്യം അനുകൂലമല്ലാത്തിനാൽ പരിശോധനക്ക് നേരിട്ട് ഓഫീസിൽ ഹാജരായി ലഭ്യമായ രേഖകൾ പരിശോധിക്കാനുള്ള അവസരം നൽകാൻ നിർദ്ദേശിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 11.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 1996 ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 25 പ്രകാരം ഒരു സംഘത്തിലെ രേഖകൾ പരിശോധിക്കുന്നതിന് അതിലെ അംഗങ്ങൾക്ക് മാത്രമേ അനുവാദമുള്ളുവെന്നും സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9017/2013 വിധി പ്രകാരവും സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഹർജി നമ്പർ എ.പി. 1059(2)/2020 എസ്.ഐ.സി. തീർപ്പ് കൽപ്പിച്ച് കൊണ്ടുള്ള നടപടിക്രമ പ്രകാരവും മേൽ സഹകരണ സംഘത്തിന്റെ അപ്പീൽ

പ്രകാരം ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകുവാനോ പരിശോധിക്കുവാനോ നിർവ്വാഹമില്ലെന്നും 1996 ലെ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് എന്നിവ അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഒരു വ്യവസായ സഹകരണ സംഘമാണ് മലപ്പുറം ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സംഘമെന്നും ആയതിന് സ്വന്തമായി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുണ്ടെന്നും ഭരണ നിർവ്വഹണത്തിൽ വകുപ്പിന്റെ ഭാഗത്തു നിന്നും ചെയർമാൻ ആയി ഒരു ഉദ്യോഗസ്ഥനും ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന്റെ മേൽനോട്ടത്തിനായി മാനേജിംഗ് ഡയറക്ടർ ആയി മറ്റൊരു ഉദ്യോഗസ്ഥനും ഉൾക്കൊള്ളുന്നുണ്ടെന്നും സഹകരണ നിയമ വകുപ്പ് (3) ൽ നിർവ്വചിച്ചിട്ടുള്ള അധികാരങ്ങൾ ആണ് രജിസ്ട്രാർ എന്ന നിലയിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കുള്ളത് എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുവാൻ സാധിക്കുകയില്ലെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ രണ്ടാം എതിർകക്ഷിയുടെ നിർദ്ദേശ പ്രകാരം ഒന്നാം എതിർകക്ഷി ലഭ്യമാക്കാവുന്ന വിവരങ്ങൾ അയച്ചു നൽകിയതായി കാണുന്നു. ഇരു കക്ഷികളും ഹിയറിംഗിൽ പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി. ഹർജികക്ഷിക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നാണ് ടിയാൻ ഹിയറിംഗിൽ മൊഴി നൽകിയത്. 1996 ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 25 പ്രകാരം ഒരു സംഘത്തിലെ രേഖകൾ പരിശോധിക്കുന്നതിന് അതിലെ അംഗങ്ങൾക്ക് മാത്രമേ അനുവാദമുള്ളുവെന്ന്

സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9017/2013 വിധി പ്രകാരം പറയുന്നുണ്ടെങ്കിലും ആയത് ഇക്കാര്യത്തിൽ ബാധകമാകുന്നില്ല. അംഗങ്ങളുടെ ഷെയർ സമാഹരിച്ച് രൂപീകരിച്ചു പ്രവർത്തിക്കുന്ന സംഘമല്ല. മറിച്ച് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് രൂപീകരിച്ചു പ്രവർത്തിക്കുന്ന സംഘമാണ്. അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾക്കു മാത്രമായി നിയമിതരായ ചെയർമാനും മാനേജിംഗ് ഡയറക്ടറും ഗവൺമെന്റിന്റെ ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുമാണ്. ആയതിനാൽ ഹർജികക്ഷി മറുപടി ലഭിക്കാൻ അർഹനാണെന്നു കമ്മീഷൻ കാണുന്നു. ടി സാഹചര്യത്തിൽ ടിയാന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഒന്നാം എതിർകക്ഷി അയച്ചു നൽകി ആയത് കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നു ഉത്തരവായിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp